SUKUMARAN

R.M. സുന്ദരം
അവതരിപ്പിക്കുന്ന



R.M.S. പിക്ചേഴ്സ്

# വീണ്ടും വസന്തം

226

മലയാളം (ഈസ്റ്റ്മാൻ കളർ)

# വീണ്ടും വസന്തം—കഥാസൂചന

തൻെറ എല്ലാമെല്ലാമായ കൊച്ചു സഹോദരിക്കു വേണ്ടി ബാബു ജീവിച്ചു.

തൻെറ ജീവിതലക്ഷ്യം തന്നെ ആ സഹോദരിയായിരുന്നു.

അവരം വളന്നു....

അവളിൽ വസന്തങ്ങരം വിടന്നു....

സുന്ദരനും കുബേരനുമായ ഒരു യുവാവിനു് ബാബു അവളെ വിവാഹം ചെയ്തു കൊടുത്തു.

അങ്ങനെ തൻെറ ദീഘ്കാല ആഗ്രഹം ആ യുവാവു് നിറവേററി.

ഒരു ദിവസം....

അയാരം സഹോദരിയെക്കാണാൻ അവളുടെ ബംഗ്ലാവിലേക്കു പോയി.

അപ്പോരം....!

അവളുടെ ദയനീയമായ നിലവിളി ദൂരെനിന്നു തന്നെ അവൻ കേട്ടു.

അവൻ ഓടി....

അവിടെ....!

തൻെറ സഹോദരി മാനം രക്ഷിക്കാൻ വേണ്ടി തീവ്ര ശ്രമം നടത്തുന്നു.

കാമാന്ധനായ ഒരു യുവാവു് അവളെ ബലാൽസംഗത്തിനു ശ്രമിക്കുന്നു.

അല്പം ദൂരെ....

മദ്യത്തിനു അടിമയായി അവളുടെ ഭത്താവു്. ആവേശഭരിതനായ ബാബു അടുത്തു കണ്ട ഒരു സ്റ്റൂരം എടുത്തു് ആ കാമഭ്രാന്തൻെറ തലക്കടിക്കുന്നു.

ആ് മുറിയാകെ രക്തപ്പുഴയായി. അങ്ങനെ ബാബു കൊലകാരനായി ജയിലിലായി. ജീവപര്യന്ത്യം ശിക്ഷിക്കപ്പെട്ടു.

എങ്കിലും....

തൻെറ സഹോദരിയുടെ നല്ല ഭാവിക്കു വേണ്ടി പ്രാത്ഥിച്ചുകൊണ്ടു് അയാരം നിശ്ശബ്ദം കഴിഞ്ഞു.

ഒരു ദിവസം....

ജയിൽപ്പുള്ളികളെ സന്ദർശിക്കാൻ വന്ന സുന്ദരിയായ ഒരു യുവതി ബാബുവിൻെറ കഥ മുഴുവൻ കേൾക്കുന്നു,

അവൾക്കു് അവനിൽ എന്തെന്നില്ലാത്ത ഒരു സ്നേഹം തോന്നി.

അതു വളൎന്നു.

ഇടക്കിടെ അവൾ ബാബുവിനെ കാണാൻ വന്നു.

തൻെറ സഹോദരിയുടെ ഭൎത്താവു് ഒരു കള്ളക്കടത്തുകാരനാണെന്നും, അയാൾ മാദകത്തിടമ്പായ മറെറാരു യുവതിയുമായി കഴിയുകയാണെന്നും, തൻെറ പ്രിയസഹോദരി ഒരു വേലക്കാരിയെപ്പോലെ ജീവിക്കുകയാണെന്നും ബാബു അറിയുന്നു

അയാൾ പലതും പലതും ആലോചിച്ചു. തൻെറ സ്നേഹിതയോടു് അയാൾ വിവരങ്ങൾ പറഞ്ഞു.

അയാൾക്കു വേണ്ട സഹായങ്ങൾ അവൾ വാഗ്ദാനം ചെയ്തു.

ഒരു സുപ്രഭാതത്തിൽ

ഇൻഡ്യയിലെ ഏററവും വലിയ കൊള്ളക്കാരൻെറ ഭാവത്തിൽ ബാബു നഗരത്തിൽ പ്രവേശിക്കുന്നു.

വിലയേറിയ വസ്ത്രങ്ങളും, കാറുകളും അതിനയാളെ സഹായിച്ചു.

വേഷം മാറിയെത്തിയ അയാളെ സഹോദരിക്കും ഭൎത്താവിനും മനസ്സിലാക്കാൻ കഴിഞ്ഞില്ല.

അയാൾ തൻെറ ജോലികൾ ആരംഭിച്ചു. ബാബുവിനെ പിടിക്കാനുള്ള പോലീസിൻെറ ശ്രമം പരാജയപ്പെട്ടു.

, പോലീസിനു് തലവേദനയുണ്ടാക്കുന്ന ഏററവും വലിയ കള്ളക്കടത്തുകാരനായി ബാബു മാറി....

ഭീകരവും സംഭ്രമജനകവുമായ ശേഷം രംഗങ്ങൾ കാണാൻ നിങ്ങളെ ഞങ്ങൾ തിയേററിലേക്കു് ക്ഷണിക്കുന്നു.

ഗാനം 1

രചന: പാടിയവർ:
ശ്രീകുമാരൻതമ്പി ജയചന്ദ്രൻ, സുശീല

ദൈവമെന്നാലാരാണെന്നണ്ണനിൽ നിന്നറിഞ്ഞു ഞാൻ
പാൽ ചിന്തും നിൻ നെഞ്ചകമൊരു കൃഷ്ണഗാഥയല്ലേ
അതിലോലമെന്റെ ചിന്തകളിൽ വിടരും സൗഗന്ധികം
പൂ വെല്ലും ചിരിതൂകിവരും സോദരിതൻ സ്നേഹം
സോദരിയുള്ളിയില്ലം ചെറുമുല്ലത്തോട്ടം
എൻ പെങ്ങളു ചിരിച്ചാലോ പുഷ്യരാഗമാല
അണ്ണന്റെ ഹൃദയമേ സൗന്ദര്യമേട
പൊല്ലേഴമാ കാരുണ്യം സോദരിക്കു കാവൽ
എന്റെ കണ്ണിൽ നിന്റെ മോഹം പുഷ്പാഞ്ജലിചെയ്യു
കോവിലിൽ നിന്നൊളിതൂകും ദീപം നിൻ മനസ്സ്
ആ സ്നേഹം മീട്ടുന്ന മണിവീണ ഞാനും
അമ്മയും അണ്ണനും മൽപിതാവും നീതാൻ
ഇല്ലത്തിൽ വിളക്കായ് നീ വിലസീടുമെന്നും
മരുമക്കളെമൊന്നിച്ചു ചിരകാലം വാഴും
ഭർത്തൃവീടും സ്വന്തം മാതൃവീടും സ്വന്തം
അണ്ണന്റെ വാക്കെന്നും എന്നാത്മരക്ഷ!

ഗാനം 2

രചന: പാടിയവർ:
ശ്രീകുമാരൻതമ്പി ജയചന്ദ്രൻ, സുശീല

തയ്യാരേ....തൈ, തൈ....തയ്യാരേതയ്യ
എന്നമ്മ....
ഇന്ത്യയല്ലേ....എന്നമ്മ....
ഇന്ത്യയല്ലേ എന്നമ്മ....
സന്ദേശ വാഹിനിയമ്മ
എന്നാളും....നമ്മകളെയമൃതു നൽകി വളർത്തുമമ്മ
(ഇന്ത്യ....)

ഇന്ത്യയിന്നും തോററില്ല....
സന്താപം പൂണ്ടതില്ല....,
അഹിംസപ്പൈതലിൻെറ താരാട്ട നിത്തിയില്ല.
(ഇന്ത്യയിന്നും....)

വഞ്ചിമാലിക വിടത്താമീ വെള്ളാരങ്കല്ലിൽ-നല്ല
നീരൊഴുക്കിൽ അണകെട്ടാൻ വേഗമണയുവിൻ
ആടിയെത്തുവിൻ -വേഗമണയുവിൻ!
ആയിരം മാധവങ്ങൾ ആടിടും പാടിടും
ആയിരം മാധവങ്ങൾ ആടിടും പാടിടും—നാളെ
പൂവയലിൽ പൊൻ വിളയും മുത്തുമണികളായ്
(ഇന്ത്യയല്ലേ....)

മണ്ണും ജലവും പോൽ
നാമൊന്നായ് കലരേണം
ജാതിമതം കൂടാതെ പാടി നടക്കേണം
പാടിനടക്കേണം ചേന്നു പാടിനടക്കേണം
പിറന്ന നാടിൻ രക്ഷയ്ക്കായൊത്തുപണി ചെയ്യീടിൽ
ഭാവിയിലെ പൈതങ്ങൾ നമ്മെ വാഴ്ത്തിപ്പാടീടും
(ഇന്ത്യയല്ലേ....)

കാവേരി, ഗോദാവരി, ഗംഗ, കൃഷ്ണാ, പെരിയാറും
കൈകോർത്തു ചേന്നൊഴുകി കഷ്ടതകൾ മാറേറണം
കഷ്ടതകൾ മാറേറണം, കാലദോഷം മാറേറണം
പ്രതിജ്ഞ നമ്മളെടുക്കേണം
പുതിയ പാത കാട്ടേണം
മഹാലക്ഷ്മിയെന്നെന്നും
രതനാട്യമാടേണം (ഇന്ത്യയല്ലേ....)

## ഗാനം 3

രചന:
ശ്രീകുമാരൻ തമ്പി

പാടിയതു്:
യേശുദാസ്, സുശീല

വന്നു വന്നു വന്നു മുത്തം നീ തന്നു
ആട്ടം തേനിൽ താലം നാരിയെന്നു നീ പറഞ്ഞു...

അന്നു നീ പറഞ്ഞു
വന്നു വന്നു വന്നു മുത്തു വാരിയെറിഞ്ഞു
രാഗ ദീപികയായെന്റെയുള്ളിൽ നീയമന്നു...
അന്നു നീയമന്നു
എൻ പേർ മലരും പൊൻചുണ്ടിൽ വായിക്ക
മെൻ ഹൃദയമിതിൽ രൂപ മുണ്ട് സൂക്ഷിക്കു
ആ പേരെനിക്ക താ....
ആ രൂപമിങ്ങു താ....
നിൻ ചെമ്പവിഴ ചെപ്പിലൂറി എൻ മോഹം
സമ്മതിച്ചു നീ.... (വന്നു വന്നു....)
ഉൾ പുളകത്താരണിയും നെഞ്ചത്തിൽ
സ്വപ്നരാഗ ധാര പൂത്ത വേഗത്തിൽ
സ്വർഗ്ഗ മധുര ഭാവഗാനം എന്നിൽ നിറച്ചാലും
ഗ്ദ്ധ കഥകൾ കണ്ണുകളിൽ കോരി നിറച്ചാലും
പാതവിട്ട് മനസ്സ് വീണ്ടും പോകുന്നു
ആദ്യ രംഗമിനിയും തീർന്നതില്ലല്ലോ?
പാട്ടു പാടിയാൽ
പകലുറങ്ങിയാൽ
മനസ്സിലുള്ള നല്ലപാമ്പ് പത്തിതാഴ്ത്തുമോ?
ഞാൻ മടങ്ങാനോ? (വന്നു....വന്നു....)

## ഗാനം 4

രചന: പാടിയവർ:
ശ്രീകുമാരൻ തമ്പി യേശുദാസ്, സുശീല

നീയും ഞാനും പ്രേമത്തിൻ
നീലാകാശ പറവകളായ്
വയസ്സും സുഖവും കലരുമ്പോൾ
രംഗ ജാലം വരവായ്
കൊച്ചു കൊച്ചു രാഗ തരംഗം
ഹൃദയത്തിൽ നിന്നൊഴുകി

കൗശലത്തിൽ ബന്ധിച്ചതിനാൽ
അവ ചേർന്നൊരു പുഴയായ്
ദുഃഖിക്കാൻ ഇനിയെന്ത്
കാലം താൻ സമ്പത്ത്
ചിന്തയിൽ വേഗത
സ്നേഹത്തിൻ പൂർണ്ണത
ആഹാ....ആഹാ....ആഹാ.... (നീയും, ഞാനും....)

ഇട ങ്ങളക്കി നടക്കും വഴിയിൽ
നിന്റെ മോഹം നിന്നെ തുടരും
വിടരും സ്വർഗ്ഗതാരക പോലെ
നിൻ കണ്ണിൽ ആരതി തെളിയും
നാമൊന്നായ് ചേർന്നിടിൽ
നല്ലിരവും പകലാവും
എന്തിലും വാസന
വാനമെൻ കല്പന
ആഹാ....ആഹാ....ആഹാ.... (നീയും....)

മുഗ്ദ്ധ മോഹ വാടിക പൂത്തു
നിൻ ഹൃദയത്തുടി കേട്ടു
എന്നുള്ളിൽ ഉതിരും നാദ–
ത്തിരയെല്ലാം നിൻ പാട്ട്
ഇനിയെന്നും ചിരി മലരും
ആ ചുണ്ടിൽ കഥ നിറയും
പൂവ് നീ തേടിടാം
തേടിയാൽ പൂ വിടാം.... (നീയും ഞാനും....)

ഗാനം 5

രചന: പാടിയവർ:
ശ്രീകുമാരൻ തമ്പി. യേശുദാസ്, സുശീല

അമ്മമ്മോ....ഈ കുട്ടി എന്തു കുസൃതി
കൊച്ചു കൊച്ചു നുണചൊല്ലി കള്ളനായി–
വലിയ കള്ളനായി
അയ്യയ്യോ....ഈ കുറുമ്പിനല്ല കള്ളി–

മെല്ലെ മെയ്യിൽ കരിമിഴിയാൽ പൂ വെറിഞ്ഞു
പ്രേമ പ്പൂവെറിഞ്ഞു
നിൻ കൈവിരൽ നല്ല മന്ത്രമല്ലിക
ത്തൊട്ടനേരം നെഞ്ചത്തിൽ കേളികൊട്ടിടും
നിൻെറ നെഞ്ചിൽ കേളികൊട്ട കേൾക്കുകില്ലെങ്കിൽ
എൻ കരളിന്നിലത്താളം നിന്നുപോയിടും
നിൻ കണ്ണിൽ ഞാൻ ചന്ദ്രരശ്മിയാവുകിൽ
എൻ കണ്ണിൽ നീ കനവായ്യ് വന്നുദിക്കുകിൽ
നിൻ ദാഹം എന്നുള്ളിൽ കൊതിയുണർത്തുകിൽ
എൻ ദേഹം നിൻ മനസ്സിനടിമയാക്കിടും
നിൻ സുഗന്ധം എൻ ചുണ്ടിൽ തേൻ പുരട്ടുകിൽ
പിശ്രുക്കൾ കാട്ടി നീ പെണ്ണേ കടന്നുകളയല്ലേ....?
ചുംബനത്തിൽ നീ വിടർത്തിടും കനകചിന്തതൻ
തിരയടിയിൽ നാണത്തിൻ മുത്തുതിർന്നിടും

ഗാനം 6

രചന: പാടിയവർ:
ശ്രീകുമാരൻ തമ്പി യേശുദാസ്, സുശീല

ഒററക്കിരുന്നു വലഞ്ഞു ഇന്നെൻെറ കണ്ണും നീരണിഞ്ഞു
എൻെറ ചിരിതൻ ചെപ്പു തുറക്കാൻ പോരൂ നീ....
ഇട മുറിയും കല്പന തുന്നിയെടുക്കൂ നീ....
മറന്നതില്ല ഞാൻ നിന്നെ എവ്വിധവും ഇന്നോളം
തിരിച്ചെത്തി നൽകാൻ ഇപ്പോൾ സമ്മാനം
കതിരണിയും കനകരാവിൽ നിൻ മൗനം
ഇന്ന് കതിരണിയും കനകരാവിൽ നിൻ മൗനം
(ഒററ....)

എൻ മനസ്സിന് മുക്തിതരാൻ ഭവാനില്ലയോ?
മുക്തിനൽകി മനസ്സുതോന്നി സ്വീകരിച്ചീടാം
എൻ മനസ്സിൽ ഹർഷവർഷം നീയും ചേരുക
ആ രാഗലേഖനങ്ങൾ കരളിൽ ചാർത്തുക

പുത്തൻ പുതിയ സന്ധ്യകളിൽ തുടിക്കുമോമൽക്കും
മുത്തു ചാർത്തി എത്തിടുന്ന കനക മാലകൾ
പുസ്തകങ്ങൾ കാണാത്ത മധുര നാമങ്ങൾ
എത്ര കർമ്മ ഗീതകങ്ങൾ ഏറ്റുപാടിടും (ഒററ....)

ഗാനം 7

രചന:
ശ്രീകുമാരൻ തമ്പി

പാടിയവർ:
യേശുദാസ്, സുശീല

നാഥാ.... മറന്നെന്നോ നീ നിദ്രയകന്ന് എൻ മിഴികളിൽ
എരിയും എനിക്കു താ ലഹരി നീയെൻ സഖേ....
എന്തിനായ് മാലെന്തിനായ്
പൂത്താലത്തിൽ പൂ നിറയുകിൽ
തന്നിടാമൗഷധം സഖി ഞാൻ നീ മയങ്ങാൻ
എത്ര നാളിതു കാത്തിടും
പൂക്കൾ താനെ വാടിടും
കഷ്ടമീത്തേൻ നുകർന്നിടാൻ
ദിനമെത്രയായ് നിന്നെത്തേടി ഞാൻ
എന്തിനായ്....
പാട്ടു പ്രേമമയം, ആ പ്രേമ പാൽക്കടലിൽ
നാമൊത്തു മുങ്ങുകിൽ
നിൻ മനസ്സു മലരുമേ....
ആ....എങ്കിൽ....
ആടലെന്തിനു വരമൊഴി നിൻെറ ലോകം തരികനീ
ആമദം....ജലബുദ്ബുദം
ഈ കാററിനാലെ തകർന്നിടും
നീ തെന്നലാകാമോ....താളത്തിൽ വീശാമോ!
ഞാൻ മധുരമായിടും ഈ പുതുമ നിത്യമേകും
ആ....ഐ സീ....
എങ്കിലീമടി എന്തിനായ്
പൂ മേടയിൽ വിരി നീർത്തിടാൻ
തരിക പൊൻ വീണയായ് രതിനീ....
റനിൻ ഗീതകം....



R.M. സുന്ദരം അവതരിപ്പിക്കുന്ന

R.M.S. പിക്ചേഴ്സ്

# വീണ്ടും വസന്തം

(മലയാളം ഈസ്റ്റ്മാൻ കളർ)

വില, 1 രൂ.